"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - ആലുവ സർവ്വമതസമ്മേളനത്തിന്റെ ശതാബ്ദി ആഘോഷങ്ങൾക്കായി 2025-26 സാമ്പത്തിക വർഷത്തെ പ്ലാൻ ശീർഷകത്തിൽ നിന്നും തുക അനുവദിക്കുന്നതിന് സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.409/2025/CLAD തീയതി, തിരുവനന്തപുരം, 22-07-2025

---

**പരാമർശം:-**

1. **04/01/2021-ലെ 1/2021/ധന നമ്പർ സർക്കുലർ**
2. **സ.ഉ (സാധാ) നം.287/2025/ സാം.വ തീയതി 20.05.2025**
3. **സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 02.06.2025-ലെ പി2-904/25/സാം.വ നമ്പർ കത്ത്.**

**ഉത്തരവ്**

**2025-26** സാമ്പത്തിക വർഷം ശതാബ്ദി ആഘോഷങ്ങൾ എന്ന ബഡ്ജറ്റ് ശീർഷകത്തിൽ വൈക്കം സത്യാഗ്രഹത്തിന്റേയും ആലുവ സർവമത സമ്മേളനത്തിന്റേയും പ്രചരണാർത്ഥം വിവിധ ആഘോഷപരിപാടികൾ സംഘടിപ്പിക്കുന്നതിനായി 20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സർവ്വമത സമ്മേളനത്തിന്റെ ശതാബ്ദി ആഘോഷങ്ങളുടെ സമാപന പരിപാടികൾ വൈപ്പിൻ മണ്ഡലത്തിലെ ചെറായിയിൽ വച്ച് 2024 ഡിസംബർ 21, 22, 23 തീയതികളിൽ സംഘടിപ്പിച്ചതിന് ചെലവായ 5,89,750/- രൂപ 2025-26 സാമ്പത്തിക വർഷം ശതാബ്ദി ആഘോഷങ്ങൾ-ആലുവ സർവമത സമ്മേളനം, വൈക്കം സത്യാഗ്രഹ ശതാബ്ദി എന്നിവയ്ക്കായി വകയിരുത്തിയിട്ടുള്ള 2205-00-102-45 (പ്ലാൻ) ശീർഷകത്തിൽ നിന്നും അനുവദിയ്ക്കണമെന്ന് വൈപ്പിൻ എം.എൽ.എ ശ്രീ.കെ. എൻ ഉണ്ണികൃഷ്ണൻ ആവശ്യപ്പെട്ടിരുന്നതിന്റെ അടിസ്ഥാനത്തിൽ സാംസ്കാരിക വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലുവ സർവ്വമത സമ്മേളനത്തിന്റെ ശതാബ്ദി ആഘോഷങ്ങളുടെ സമാപന പരിപാടികൾ വൈപ്പിൻ മണ്ഡലത്തിലെ ചെറായിയിൽ വച്ച് 2024 ഡിസംബർ 21, 22, 23 തീയതികളിൽ സംഘടിപ്പിച്ചതിന് ചെലവായ 5,89,750/- (അഞ്ച് ലക്ഷത്തി എൺപത്തിഒൻപതിനായിരത്തി എഴുന്നൂറ്റി അൻപത് രൂപ) 2205-00-102-45-(പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും പരാമർശം (1) ഉത്തരവിലെ നിബന്ധനകൾക്ക്

വിധേയമായി അനുവദിയ്ക്കുന്നതിന് സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJANI M
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ ) കേരളം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ) കേരളം, തിരുവനന്തപുരം.

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം .

ചീഫ് സോഷ്യൽ സർവ്വീസസ് ഡിവിഷൻ, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ, തിരുവനന്തപുരം

ധനകാര്യ (വിദ്യാഭ്യാസ(സി) ) വകുപ്പ്

ഡയറക്ടർ, ഐ&പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (CLAD-C2/239/2024-CLAD)

ഉത്തരവിൻ പ്രകാരം
Signed by
Sunitha Sadasivan
Date: 23-07-2025 11:52:36
സെക്ഷൻ ഓഫീസർ

പകർപ്പ്

സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പി.എസ്സ്-ന്

സാംസ്കാരികകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സി.എ-യ്ക്ക്